# പോലീസ് വകുപ്പ്

## കേരളം

**No.Q2-9341/2020/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
☏04712721547
തീയതി. 07-10-2021

**സർക്കുലർ. 10/2021/പി എച്ച് ക്യൂ**

വിഷയം : മദ്യം, മയക്കുമരുന്ന് എന്നിവ കുട്ടികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് പാലിക്കേണ്ട നടപടികൾ:- മാർഗനിർദേശങ്ങൾ നൽകുന്നു:-

സൂചന : 01) സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻറെ 19/04/2018 ലെ CRMP NO. 5626/08/LA2/2016/KeSCPCR നമ്പർ ഉത്തരവ്.
(02) സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻറെ 04/03/2020 ലെ CRMP NO. 5626/08/LA2/2016/KeSCPCR നമ്പർ കത്ത്.

ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻറെ 19/04/2018 ലെ CRMP NO. 5626/08/LA2/2016/KeSCPCR നമ്പർ ഉത്തരവ് സൂചന 2 കത്ത് മുഖാന്തിരം ഈ ഓഫീസിൽ ലഭിച്ചിരുന്നു. ആയതിൽ മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന കുട്ടികളെ കൈകാര്യം ചെയ്യുന്നതിൽ പോലീസിൻറെ ഭാഗത്തുനിന്നും കുറച്ച് വീഴ്ചകൾ വന്നിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നുവെന്നും കുട്ടികൾ മദ്യവും മയക്കു മരുന്നും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വെറും താക്കീത് ചെയ്തു വിടുന്ന അവസ്ഥ മാറേണ്ടതുണ്ടെന്നും അങ്ങനെയുള്ള കുട്ടികളെ വെറുതെ ഉപദേശിച്ച് വിട്ടയക്കുന്നതുകൊണ്ട് അവർക്കൊരുമാറ്റവും ഉണ്ടാകുവാൻ സാധ്യതയില്ലെന്നും അവർക്ക് കൌൺസിലിംഗ്, ഡി-അഡിക്ഷൻ എന്നിവക്കുള്ള സൗകര്യം പോലീസ് ചെയ്തു കൊടുക്കണമെന്നും പിന്നീടുള്ള ദിവസങ്ങളിൽ അവർക്ക് വേണ്ടത്ര ശ്രദ്ധയും പരിചരണവും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് വഴി ഉറപ്പുവരുത്തേണ്ടതാണെന്നും ബഹു. കമ്മീഷൻ നിരീക്ഷിച്ചിരിക്കുന്നു.

ആയതിനാൽ മദ്യം, മയക്കുമരുന്ന് എന്നിവ കുട്ടികൾ ഉപയോഗിക്കുന്നതായി പോലീസിൻറെ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികൾക്ക് ജില്ലാ ശിശുക്ഷേമ യൂണിറ്റിൻറെ സഹായത്തോടെ ആവശ്യമായ കൌൺസിലിംഗ്, ഡീ-അഡിക്ഷൻ എന്നിവ ലഭിക്കുവാനുള്ള സഹായങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ചെയ്ത് നൽകേണ്ടതും അതാത് ജില്ലാ പോലീസ് മേധാവിമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ആവശ്യമായ തുടർ നിർദ്ദേശങ്ങൾ തൻറെ പരിധിയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും

പകർപ്പ് : copy to എ ഡി ജി പി (L&O)
എല്ലാ സോണൽ ഐ ജി മാർക്കും
എല്ലാ റേഞ്ച് ഡി ഐ ജി മാർക്കും
രെജിസ്ട്രാർ,കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ (ആമുഖ കത്ത് മുഖന്തിരം)
സർക്കുലർ രജിസ്റ്റർ, പോലീസ് വെബ്സൈറ്റ്